MR. P. T. CHACKO (*Kottayam II—General*) : ഇവിടെ ചില സാങ്കേതികതടസ്സങ്ങൾ എന്നു പറഞ്ഞല്ലോ ? ആ സാങ്കേതിക തടസ്സങ്ങളുടെ ഏകദേശരൂപമെങ്കിലും നൽകാമോ ?

HON'BLE MR. A. ATCHUTHAN : ആ തടസ്സങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതായതു, ലൈസൻസി ക്ക് ഈ പ്രകാലത്തിനകം ജോലിചെയ്യുതീർക്കാഞ്ഞതിനാൽ ലൈസൻസ് ക്യാൻസൽചെയ്തു. അതിനാൽ ആ ലൈസൻസി ഗവണ്മെൻറിലേക്കു റിവിഷൻ കൊടുത്തു. അതനുസരിച്ച് ഗവണ്മെൻറ് സ്റ്റേ ഓർഡർ കൊടുത്തു. അപ്പോൾ മേൽനടപടി നടത്താൻ വേണ്ടിയാണ് സ്റ്റേ ചെയ്തത്.

മുട്ടത്തുകടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യം.

75. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ആവണീശ്വരം-പത്തനാപുരം റോഡിൽ മുട്ടത്തുകടവിൽ ഒരു പാലം ഇല്ലാത്തതുമൂലം സ്ഥലവാസികൾ അനുഭവിക്കുന്ന ദുസ്സഹമായ വൈഷമ്യങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്ന് പ്രസ്താവിക്കാമോ ?

HON'BLE MR. A. ATCHUTHAN : കഴിഞ്ഞ മാർച്ച് കൊല്ലത്തിനിപ്പുറം യാതൊരു നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

മുനിസിപ്പാലിറ്റിക്കു കൊടുത്ത സഹായധനം.

76. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇവിടത്തെ മുനിസിപ്പാലിറ്റികൾക്ക് ഗവണ്മെൻറ് എന്തെങ്കിലും ധനകര്യം കടമായി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക്, എത്ര തുകകൾ, എന്നാവശ്യത്തിനെന്നു പ്രസ്താവിക്കുമോ?

HON'BLE MR G. RAMACHANDRAN : ഉണ്ട്. നാഗർകോവിൽ, വൈയ്ക്കം, ആലപ്പുഴ, ചെങ്കോട്ട ഈ മുനിസിപ്പാലിറ്റികൾക്കാണ്. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

* Vide Appendix C.

LIBRARY ARCHIVES Kerala Legislative Assembly